പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 3811

26.06.2012- ൽ
മറുപടിയ്ക്ക്

## പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണം

ചോദ്യം

ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
" കെ.കെ. ജയചന്ദ്രൻ
" കെ. രാധാകൃഷ്ണൻ:
ശ്രീമതി. കെ.കെ. ലതിക:

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ നൽകുവാൻ സർക്കാർ തയ്യാറാകുമോ;

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണത്തിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

(ബി) പ്രസ്തുത മേഖല ആധുനികവൽക്കരിക്കുന്നതിനും തൊഴിലാളികൾക്ക് മാന്യമായ വേതനം ഉറപ്പാക്കുന്നതിനും പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ട്.

1. കൈത്തറി സംഘങ്ങളുടെ ഫാക്ടറി കെട്ടിടങ്ങളുടേയും, പൊതു വർക്ക് ഷെഡുകളുടേയും നവീകരണത്തിനുള്ള ഗ്രാൻറ്, നൂതന ഉല്പന്നങ്ങളുടേയും രൂപകൽപ്പനയുടേയും വികസനത്തിന് മുൻ വർഷത്തെ മൊത്തം ഉല്പാദനത്തിൻെറ രണ്ട് ശതമാനം വരെ ഗ്രാൻറ്, പ്രവർത്തന മൂലധനത്തിൻെറ 25% മാർജിൻ മണി ലോൺ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടേയും അധിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടേയും നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനും ഉല്പന്നങ്ങളുടെ രൂപകല്പന, വികസനം, പരിശീലനം, വിപണനം തുടങ്ങിയവയ്ക്കുള്ള സഹായം എന്നിവ "ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും" എന്ന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു.

2. കയർ മേഖലയുടെ ആധുനിക വൽക്കരണത്തിനായി കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർഫെഡ്, എൻ.സി.ആർ.എം.ഐ സഹകരണ സംഘങ്ങൾ എന്നിവർക്ക് പ്രോജക്ട് അധിഷ്ഠിത ധനസഹായം അനുവദിച്ചുവരുന്നു. കയർ പിരിമേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി 210 രൂപയും ഉല്പന്നമേഖലയിൽ 285 രൂപയും ഉറപ്പ് വരുത്തി ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, അടിസ്ഥാന വികസനത്തിന് ആവശ്യമായ ധനസഹായം എന്നിവയും നൽകി വരുന്നു. തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യ സംരംഭകർക്ക് 50% നിരക്കിലും നൽകിവരുന്നു.

3. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആർട്ടിസാൻസിനായി ക്ലസ്റ്റർ, സ്കിൽ ഡെവലപ്മെന്റ് എന്നീ മേഖലകളിൽ ട്രെയിനിംഗ് നൽകി വരുന്നു.

4. കരകൗശല വികസന കോർപ്പറേഷന്റെ SMSM ഹെറിറ്റേജ് ബിൽഡിംഗിൽ ജനറേറ്ററിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിനും പുതിയ ട്രാൻസ്ഫോർമർ, ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിലവിലുള്ള ബാദ്ധ്യത തീർക്കുന്നതിനും പ്രവർത്തന മൂലധനം അനുവദിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്.

5. സുരഭിയുടെ തൃശ്ശൂരിലുള്ള എംമ്പോറിയത്തിന്റെ നവീകരണം, എറണാകുളത്തെ ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്ററിന്റെ വികസനം എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നു.
6. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ പനമ്പ് നെയ്ത്ത്കാർക്ക് റീഡ്സ് വിതരണം ചെയ്യുന്നത് ആധുനിക വൽക്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. അങ്കമാലിയിലുള്ള ബാംബൂ ബോർഡ് ഫാക്ടറിയിൽ 3 ടൺ കപ്പാസിറ്റിയുള്ള ജയാ ബോയിലറിന് വേണ്ടി പുതിയ ചിമ്മിനി നിർമ്മിക്കുന്നതാണ്. കേരള ബാംബൂ ഫെസ്റ്റ് നടത്തുക, മുളയും ചൂരലും ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം ആർട്ടിസാൻമാർക്ക് നൽകുക, വിവിധ വിൽപ്പന മേളകളിൽ മുള, ചൂരൽ മേഖലയിലെ ആർട്ടിസാൻ മാരെ പങ്കെടുപ്പിക്കുക തുടങ്ങിയ പദ്ധതികൾ K-Bip മുഖേന നടപ്പിലാക്കുന്നതാണ്.
7. കെൽപാമിന് തിരുവനന്തപുരം ജില്ലയിൽ കൊറ്റാമത്ത് ഒരു ഷോറൂം കം ഗോഡൗൺ നിർമ്മിക്കുന്നതാണ്. കൂടാതെ പന ഉൽപ്പന്നങ്ങളുടെ വികസനത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്.
8. കശുവണ്ടി മേഖലയുടെ സംരക്ഷണത്തിനായി റീജുവിനേഷൻ ഓഫ് കാഷ്യു ഇൻഡസ്ട്രി, മോഡേണൈസേഷൻ ഓഫ് കാഷ്യു ഫാക്ടറീസ്, അപ്ഗ്രഡേഷൻ ഓഫ് ഫെസിലിറ്റീസ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
9. ഖാദി മേഖലയ്ക്ക് വേണ്ടി 1.49 കോടി രൂപ പുതിയ ഖാദി ക്ലസ്റ്റർ സ്ഥാപിക്കുന്നതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് മാന്യമായ ശമ്പളം നല്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കി വരുന്നു.

(സി) നടപ്പുവർഷത്തെ ബജറ്റിൽ ഇതിനായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം എത്രയാണെന്ന് മേഖല തിരിച്ച് വെളിപ്പെടുത്തുമോ; എത്ര തുക വീതം ഓരോ മേഖലയിലും ഇതിനകം ചെലവഴിക്കുകയുണ്ടായി;

(1) കൈത്തറി മേഖലയിൽ നെയ്ത്തുകാരുടെ വായ്പാ കുടിശിക തിരിച്ചടക്കുന്നതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. "സാങ്കേതിക വിദ്യ ഉയർത്തലും, പുതിയ സാങ്കേതിക വിദ്യ കൈമാറ്റം" എന്ന പദ്ധതിയ്ക്ക് വേണ്ടി 80 ലക്ഷം രൂപയും "ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും" എന്ന പദ്ധതിയുടെ നടത്തിപ്പിനായി 210 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(2) കയർ മേഖലയിൽ കേന്ദ്ര സർക്കാർ വിഹിതം ഉൾപ്പെടെ 10470 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 319.74 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു.

(3) കരകൗശല മേഖലയിൽ 375 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതിൽ 19,100/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(4) കശുവണ്ടി മേഖലയിൽ റീജുവിനേഷൻ ഓഫ് കാഷ്യൂ ഇൻഡസ്ട്രി, മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി, അപ്ഗ്രഡേഷൻ ഓഫ് ഫെസിലിറ്റീസ് എന്നവയ്ക്കായി 23 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(5) ഖാദി ക്ലസ്റ്റർ പദ്ധതിയ്ക്കായി 149 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തേനീച്ച വളർത്തൽ വ്യവസായത്തിന് 6 ലക്ഷം രൂപയും പരമ്പരാഗത വ്യവസായത്തിലധിഷ്ഠിതമായ പഴയ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) പരമ്പരാഗത വ്യവസായ രംഗത്ത് ഇപ്പോൾ തൊഴിലെടുക്കുന്നവരെ സംബന്ധിച്ച മേഖല തിരിച്ച കണക്കുകൾ ലഭ്യമാക്കുമോ ?

കേരളത്തിലെ കരകൗശല മേഖലയിൽ ഏകദേശം രണ്ട് ലക്ഷം പേർ പണിയെടുത്തുവരുന്നു.

കൈത്തറി സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലുമായി ആകെ അമ്പത്തിരണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

കശുവണ്ടി മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം നാല് ലക്ഷം തൊഴിലാളികൾ പണി എടുക്കുന്നുണ്ട്.

കയർ മേഖലയിൽ ഏകദേശം മുപ്പതിനായിരം പേർ പണിയെടുത്തു വരുന്നു.

ഖാദി വ്യവസായ മേഖലയിൽ ഏകദേശം 11,000 തൊഴിലാളികൾ പണിയെടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ